**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തന പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ; | (എ) | 2022-2023 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ ' 2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക ' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലകളോടെയാണ് ഈ പ്രോഗ്രാം ആരംഭിച്ചിരിക്കുന്നത്. ഇതിലൂടെ സംരംഭകരാകാൻ താല്പര്യമുള്ളവർക്ക് പൊതുബോധവത്കരണം നൽകും. ആദ്യഘട്ടമായ പൊതു ബോധവത്കരണത്തിന് ശേഷം ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ ഓരോ തദ്ദേശസ്ഥാപനത്തിലും സംഘടിപ്പിക്കും. പൊതു ബോധവത്കരണത്തിൽ പങ്കെടുത്തവരിൽ നിന്നും സംരംഭം തുടങ്ങുവാനുള്ള തീരുമാനവുമായി മുന്നോട്ട് വരുന്നവർക്കാണ് ഇത് സംഘടിപ്പിക്കുന്നത്. ഈ പ്രോഗ്രാമുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ നേതൃത്വവും വ്യവസായവകുപ്പ് ഏകോപനവും നടത്തും.<br><br>പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടു കൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും BTech/MBA യോഗ്യതയുള്ള ഇന്റേർണിനെ നിയമിക്കുകയും അവർക്ക് മികച്ച പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. KSWIFTപോർട്ടൽ വഴി വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും, സ്വയം സാക്ഷ്യപ്പെടുത്തൽ |

| | | | |
|---|---|---|---|
| | | | വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും, വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനം നടത്താനും പ്രാപ്തരാക്കി വരുന്നുണ്ട്. തുടർന്ന് Interns മുഖേന, സംരംഭകർക്ക് പൊതുബോധവൽക്കരണം നൽകാനും one to one മീറ്റിംഗുകളിലൂടെയും പൊതു ഇടപെടലിലൂടെയും പുതിയസംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇന്റേൺസിനുള്ള പ്രതിമാസശമ്പളം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകുന്നതാണ്.<br><br>തുടർന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഇന്റേൺസിന്റെ നേതൃത്വത്തിൽ ശിൽപശാലയുടെ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് നയിക്കുകയും അതാത് തദ്ദേശസ്ഥാപനങ്ങളിലെ സാധ്യതക്കനുസരിച്ചുള്ള സംരംഭകരെ കണ്ടെത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആസൂത്രണങ്ങൾ ചെയ്യുന്നതുമാണ്. ഈ പദ്ധതിയുടെ ഭാഗമായുള്ള വിവിധ ക്യാമ്പയിനിങ്ങിലൂടെയും മറ്റു വകുപ്പുകളുടെ തനത് പ്രവർത്തനങ്ങളിലൂടെയും ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരശേഖരണം വ്യവസായവകുപ്പ് തയ്യാറാക്കുന്ന പൊതുവായ ഒരു പോർട്ടൽ മുഖേന ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം മറ്റു വകുപ്പുകളുടെ പങ്കാളിത്തവും ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ സംയോജനം ഈ പദ്ധതിക്ക് അനിവാര്യമായതിനാൽ പദ്ധതിയുടെ മേൽനോട്ടത്തിനും നിർവഹണത്തിനും സംസ്ഥാന-ജില്ലാ-തദ്ദേശസ്ഥാപന തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടു ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തിയിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും സാങ്കേതിക യോഗ്യതയുള്ള ഇന്റേണുകളെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ-മെയ് മാസത്തോടു കൂടി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും BTech/MBA യോഗ്യതയുള്ള 1153 ഇന്റേർണിനെ നിയമിച്ചിട്ടുണ്ട്. |
| (സി) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി സംരംഭകർക്ക് ബാങ്ക് വായ്പ്പയിന്മേൽ പലിശയിളവ് നൽകുന്ന പുതിയ പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ നിലവിലെ സംരംഭങ്ങളുടെ വളർച്ചക്കുള്ള സഹായ പദ്ധതിയും ആവിഷ്കരിക്കുന്നുണ്ട്. ഇതിന് പുറമേ ബാങ്കുകൾ വഴി കുറഞ്ഞ പലിശ നിരക്കിൽ സംരംഭകർക്ക് വായ്പ നല്കുന്നതിനുള്ള പദ്ധതി കേരള ബാങ്ക് മുഖേനയും |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മുഖേനയും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ ഉല്പന്ന, കാർഷിക ഉല്പന്ന മേഖലകൾക്ക് മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരളത്തിൽ നിലവിലുള്ള വ്യവസായ സാഹചര്യത്തിൽ ഉത്പാദന മേഖലയിലും ഭക്ഷ്യ സംസ്കരണ മേഖലയിലും നിരവധി സംരംഭങ്ങൾ ഉയർന്ന് വരുന്നുണ്ട്, ഇവയുടെ പ്രോൽസാഹനത്തിനായി സംരംഭക സഹായ പദ്ധതി ഉൾപ്പടെയുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളിൽ ഇത് മുൻഗണന വിഭാഗമായി കണക്കാക്കിയിട്ടുണ്ട്. ഭക്ഷ്യസംസ്കരണ സംരംഭകർക്കായി ഒരു ജില്ല ഒരു ഉത്പന്നം മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചേർന്ന് പിഎംഎഫ്എംഇ സ്കീം നടത്തി വരുന്നുണ്ട്. ഇതിന് പുറമേ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ